**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 222** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് വാക്സിൻ വിതരണവും ബ്ലാക്ക് ഫംഗസ് രോഗം തടയാനുള്ള മുൻകരുതലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വാക്സിൻ വാങ്ങുന്നതിനായി ഏതെങ്കിലും മരുന്ന് കമ്പനികളുമായി സർക്കാർ കരാർ ഒപ്പുവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാന സർക്കാരുകൾക്ക് നൽകുവാൻ, മരുന്നു കമ്പനികൾ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഭാരത് ബയോടെക്ക് ഇന്റർനാഷണലിൽ നിന്നും കോവാക്സിനും, സിറം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും കോവിഷീൽഡും സംഭരിക്കുന്നതിനായി ഭാരത് ബയോടെക്ക് ഇന്റർനാഷണൽ എന്ന കമ്പനിയ്ക്ക് 2,73,860 ഡോസ് കോവാക്സിന്റെ വിതരണ ഉത്തരവ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നൽകിയതിൽ 1,37,580 ഡോസ് കോവാക്സിന്റെ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈഫ് സയൻസസ് പ്രൈവറ്റ് ലിമിറ്റഡിന് 12,04,960 ഡോസ് കോവിഷീൽഡിനുള്ള വിതരണോത്തരവ് നൽകിയതിൽ 7,46,710 ഡോസ് കോവിഷീൽഡിന്റെ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | കേരളത്തിൽ സൗജന്യമായാണ് സർക്കാർ വാക്സിനേഷൻ നടത്തിവരുന്നത്. |
| (സി) | കോവിഡ് വാക്സിനുകൾ ലഭിക്കുന്നതിന് ക്ഷാമം നേരിടുന്നുണ്ടോ; ഇതുവരെ കേരളത്തിൽ എത്ര പേർക്ക് സർക്കാർ ചെലവിൽ കോവിഡ് വാക്സിനേഷൻ നൽകിയെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസൃതമായ വാക്സിൻ നിലവിൽ ലഭ്യമാകുന്നില്ല. 4.6.2021 വൈകുന്നേരം 6 PM വരെ 91,17,211 പേർക്ക് നൽകി. |
| (ഡി) | കേരളത്തിൽ ബ്ലാക്ക് ഫംഗസ് രോഗം പടർന്നു പിടിക്കുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ഡി) | കേരളത്തിൽ ബ്ലാക്ക് ഫംഗസ് രോഗം പടർന്നു പിടിക്കുന്നത് തടയുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലാക്ക് ഫംഗസ് (മ്യൂക്കർ മൈക്കോസിസ്) എന്ന രോഗബാധയെ Notifiable Disease ആയി സംസ്ഥാനം പ്രഖ്യാപിച്ചിട്ടുണ്ട്. 5 തരത്തിലുള്ള മ്യൂക്കർ മൈക്കോസിസ് രോഗബാധയാണ് കണ്ടെത്തിയിട്ടുള്ളത്. ഇത്തരം 5 അവസ്ഥയിലുള്ള രോഗലക്ഷണങ്ങളും, അവ ചികിത്സിക്കേണ്ട |

| | | | |
|---|---|---|---|
| | | | രീതികളും പ്രതിപാദിച്ചു കൊണ്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 16.05.2021 ൽ ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് മുൻ നിർത്തിയുള്ള നിരവധി പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്. ആശുപത്രികളിൽ നിന്നും വീടുകളിൽ നിന്നും ഫംഗസ് രോഗം പിടിപെടാനിടയുള്ള മറ്റ് സാഹചര്യങ്ങളെപ്പറ്റിയും പൊതുജനങ്ങളെയും, ജീവനക്കാരെയും ബോധവത്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നു. ആശുപത്രികളിൽ ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും, ആയതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന മ്യൂക്കർ മൈക്കോസിസ് രോഗങ്ങളെപ്പറ്റി വിശദമായ പഠനങ്ങൾക്കായി വിവിധ മേഖലകളിലെ ആരോഗ്യ വിദഗ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ട് 27.05.2021 ന് സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. രോഗ-ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. രോഗ നിർണ്ണയത്തിന്റെയും ചികിത്സയുടെയും ഏകോപനത്തിനും മേൽനോട്ടത്തിനുമായി എല്ലാ സർക്കാർ മെഡിക്കൽ കോളേജിലും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. |
| (ഇ) | ബ്ലാക്ക് ഫംഗസ് രോഗ ചികിത്സയ്ക്ക് വേണ്ടിയുള്ള മരുന്നിന് കേരളത്തിൽ ക്ഷാമം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | ബ്ലാക്ക് ഫംഗസ് രോഗ ചികിൽസയ്ക്കുപയോഗിക്കുന്ന ലിപ്പോസോമൽ ആംഫോടെറസിൻ ബി എന്ന ആന്റി ഫംഗൽ മരുന്ന് കേന്ദ്ര സർക്കാരിനു കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസ് ആണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുന്നത്. രാജ്യം ഒട്ടാകെ ബ്ലാക്ക് ഫംഗസ് രോഗബാധ ഉയർന്ന തോതിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ഈ മരുന്നിന് അഖിലേന്ത്യാ തലത്തിൽ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഇത്തരത്തിൽ ലഭ്യതക്കുറവ് ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ സംസ്ഥാനത്തിന് ആവശ്യമായ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസിനും, കേന്ദ്ര ആരോഗ്യ വകുപ്പിനും കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മരുന്നിന്റെ ലഭ്യത അനുസരിച്ച് കേരള സംസ്ഥാനത്തിനുള്ള വിഹിതം ഡിപ്പാർട്ട്മെന്റ് ഓഫ് ഫാർമസ്യൂട്ടിക്കൽസ് അനുവദിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ